**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5837** **27.10.2011- ൽ മറുപടിക്ക്**

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൃഷി ആഫീസർമാരുടെ ഒഴിവുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ എത്ര കൃഷി ആഫീസർമാരുടെയും കൃഷി അസിസ്റ്റന്റ്മാരുടെയും ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഉമ്മന്നൂർ കൃഷിഭവനിൽ കൃഷി ഓഫീസറുടെ തസ്തിക ഒഴിവുണ്ട്. കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഇല്ല. |
| (ബി) പ്രസ്തുത കൃഷി ഭവനുകളിലെവിടെയെങ്കിലും പൂർണ്ണസമയ കൃഷി ആഫീസർമാരില്ലെങ്കിൽ വിവരം വെളിപ്പെടുത്തുമോ; | (ബി) ഉമ്മന്നൂർ കൃഷിഭവനിൽ പൂർണ്ണ സമയ കൃഷി ഓഫീസർ ഇല്ലാത്തതിനാൽ അധികചുമതല നൽകി വരുന്നു. |
| (സി) ഒഴിവുകളുളളപക്ഷം ആയത് നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) പി.എസ്.സി.മുഖാന്തിരം അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് കൃഷി ഓഫീസറുടെ ഒഴിവ് നികത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ